# കനവുകൾ

## LITTLE KITES

## LK/2019/40030

**BMG HS KULATHUPUZHA**

**ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ**

# ആമുഖം

കുളത്തൂപ്പുഴയുടേയും സമീപപ്രദേശങ്ങളുടേയും സമഗ്രപുരോഗതി ലക്ഷ്യംവച്ചുകൊണ്ട് 1962-ൽ ആരംഭിച്ച എ പി എൻ എം എൻ എച്ച് എസ് മലങ്കര കത്തോലിക്കാസഭ ഏറ്റെടുക്കുകയും, ഇന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഹൈസ്കൂൾ എന്ന പേരിൽ 55 വർഷം പൂർത്തിയാക്കി വിദ്യാഭ്യാസത്തിന് നവീനദർ ശനം നൽകിക്കൊണ്ട് മുന്നേറുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അച്ചടക്കവും പഠനനിലവാരവും ഈ വിദ്യാലയത്തിൽ അതിന്റെ പരിപൂർണതയിൽ പ്രകടമാണ്.കലാ-കായിക രംഗങ്ങളിലും പ്രവർ ത്തിപരിചയമേളകളിലും  ഈ വിദ്യാലയം ഉന്നതനിലവാരം പുലർത്തുന്നു. 8 മുതൽ 10 വരെ

## കനവുകൾ

ക്ലാസ്സുകളിലായി ആയിരത്തോളം വിദ്യാർത്ഥികൾ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിൽ പഠിക്കുന്നു.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധീനതയിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്കാതോലിക്കാബാവയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്കൂളിന്

പി.ടി.എയുടെ നിർലോഭമായ സഹായ സഹകരണം ലഭിക്കുന്നുണ്ട്. കുട്ടികളുടെ സമഗ്രവ്യക്തിത്വ വികസനം


**ലക്ഷ്യമാക്കുന്ന BMGHS നാടിന് ഒരു തിലകക്കുറിയായി നിലകൊള്ളുന്നു.**



കനവുകൾ

# OUR FOUNDER

## ARCH BISHOP
## BENEDICT MAR GREGORIOSE



ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# കനവുകൾ



BLESSON T JOHN

HM,BMG HS

ബി എം ജി എച്ച് എസ് കളഞ്ഞൂപ്പുഴ

കനവുകൾ

# എഡിറ്റോറിയൽ ബോർഡ്

ഷിനിമോൾ

ഗംഗാ എസ്

അനുപമ അനിൽ

ആദിത്യൻ

ബിമൽ കൃഷ്ണ

അംജത് ഷാജഹാൻ

ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# കനവുകൾ



ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# എഡിറ്റോറിയൽ

മാറ്റം അനിവാര്യം ....

ആരും ആരേയും കാത്തു നിൽക്കുന്നില്ല. ഇന്നലകൾ വിസ്മൃതിയിൽ ആണ്ട്പോകും നന്മകൾ മാത്രംബാക്കി നിൽക്കും. പുത്തൻ പ്രതീക്ഷകളുമായി നമുക്ക് മുന്നേറാം.വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തവിഹായസിലേക്ക് ചെറുപട്ടങ്ങളായി നമുക്ക് പറന്നുയരാം. ബി എം ജി യിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ അതിനായി പ്രാപ്തരാകട്ടെ എല്ലാ വിധ മംഗളങ്ങളും....ഭാവുകങ്ങളും ....ലോകം അതിവേഗം നമ്മുടെ കൈകുമ്പിലേക്ക് ഒതുങ്ങികൊണ്ടിരിക്കുന്നു. മാറ്റത്തിൻെറ ഈ ഗതിവേഗവുമായി നമുക്കും പൊരുത്തപ്പെടാം.ഈ ആവശ്യം കാലഘട്ടത്തിൻെറത്.

ANUPAMA
9A

# ഒരു സ്വപ്നം

ഉണ്ണിക്കുട്ടൻ സ്വപ്നം കണ്ടു
കുഞ്ഞിച്ചിറകു മുളച്ചെന്ന്
ചിറകുകൾ രണ്ടും വീശികൊണ്ടേ
മാനത്തേക്ക് പറന്നെന്ന്
മാനത്തേക്ക് പറന്നിട്ടോരോ
മുകിലിൻ മുകളിലിരുന്നെന്ന്
മുകിലിൻ മുകളിലിരുന്നപ്പോഴോ
മാനക്കാഴ്ചകൾ കണ്ടെന്ന്
മാനക്കാഴ്ചകൾ കാണുന്നേരം
മാരുതനോടിയണഞ്ഞെന്ന്
മാരുതൻ ഒത്ത് നടന്നപ്പോഴോ
മാമല മുതകിലിറങ്ങീന്ന്.
മാമലമുതുകിലിരുന്നപ്പോഴോ
മാരി പൊഴിഞ്ഞു നനഞ്ഞെന്ന്
മാരിപെയ്തു കഴിഞ്ഞപ്പോഴോ
ആറായൊഴുകിപ്പോയെന്ന്
ആറായൊഴുകിപ്പാഞ്ഞപ്പോഴോ
ആഴക്കടലിൽച്ചെന്നെന്ന്

നിമിഷ മുനീർ
9D

## കവിതകൾ

# ഓർമ്മയുടെ ക്ലാസ്സറി

ഓർമയിൽ പൂത്തുലഞ്ഞിടുന്നതിപ്പോഴും
ആദ്യ വിദ്യാലയ കാലം
മുറ്റത്ത മാവിൻ ചുവട്ടിലെൻ ജീവിതം
മൊട്ടിട്ട സുന്ദര കാലം
ശോകത്തിൻ വെളുപ്പിലും ശോഭയിൻ കറുപ്പിലും
ലോകം വിടർന്നൊരാ കാലം
നിത്യ ദാരിദ്ര്യം തളം കെട്ടി നിന്നൊരെൻ
കൊച്ചുകൺകുളങ്ങളിൽ
താഴെ ചെറു കണ്ണു തളർന്നൊരെൻ
തോഴരിണകളോടൊപ്പം
പൂമ്പാറ്റ കുഞ്ഞുങ്ങളോടും നന്മയെ
ഒരുമയ് വച്ചൊരാ കാലം
അധ്യാപകർ തൻ അനുഗ്രഹാശിസ്സുകൾ
അക്ഷരമായതിൽ ഊന്നി
നല്ല സൗഭാഗ്യങ്ങളാകെയുമെൻ കാവ്യ-
ചിന്താച്ചിലങ്കയിൽ കോർത്തു
ഒറ്റപ്പൂവിതൾ മാറാ മനം ചാർത്താൻ-
നെറ്റിയിൽ കുറിപോൽ നിർമ്മല
ഉള്ളിന്റെയുള്ളിൽ നിറമോലും മധുരമായ്
ചെല്ലുന്നിതീവിധം മെല്ലെ
ഉന്നതിയിലെൻകാലത്തിൽ നിന്ന നീ
പൊന്നാതകിടുകന്നേറ്റി

ജി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# കനവുകൾ



ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# കളിക്കാം പഠിക്കാം

ഇന്നുമുതൽ പഠനം തുടങ്ങുകയല്ലേ?

കൂടെ കളിയും വേണം.

ഓടിയും ചാടിയും കളിക്കാം.

കൂട്ടുകാരോടൊത്തു കളിക്കാം.

കുളത്തിൽ നീന്താം.

സൈക്കിൾ ചവിട്ടാം

അപ്പോൾ ശരീരം വിയർക്കും.

അങ്ങനെ ആരോഗ്യം ഉണ്ടാകും

പഠനം രസകരമാക്കാം.

മെറിൻ

9D

# പുലരി

കിഴക്കിന്റെ മുഖത്തതാ
ചുവപ്പിന്റെ ചെറുവട്ടം

നരച്ചൊരു പുതപ്പിന്മേൽ
നിറത്തിന്റെ നിഴലാട്ടം

മരത്തിന്റെ തളിർക്കൊമ്പിൽ
മണിക്കാറ്റിന്നൂയലാട്ടം

മലർമൊട്ടിന്നധരത്തിൽ
മന്ദഹാസത്തിരനോട്ടം

മുഴക്കത്തിൽ മണിത്താളം
കിലുക്കുന്ന കിളിക്കൂട്ടം

ഉഷസ്സിന്റെ വരവായെ-
ന്നരുളുന്നു പലവട്ടം

***ഷിനി***

# ഭൂമിയുടെ ബജറ്റ്

മനുഷ്യനെന്ന പോലെ ഭൂമിക്കുമുണ്ട് ബജറ്റ് .അകത്തേക്ക് വരുന്ന ആകെ ഊർജം പുറത്തേക്ക് പോകുന്ന ആകെ ഊർജത്തേക്കാൾ കൂടുതലാണെങ്കിൽ ബജറ്റ് പൊസിറ്റീവായിരിക്കും. അപ്പോൾ കാലാവസ്ഥ ചൂടേറിയതാകും. എന്നാൽ കൂടുതൽ ഊർജം പുറത്തേക്കുപോകുന്നതോടെ ഊർജ ബജറ്റ് നെഗറ്റീവിലേക്ക് നീങ്ങും. അതോടെ കലാവസ്ഥ തണുപ്പനാകും.

മെറിൻ ചെറിയാൻ
9 D

# കനവുകൾ


ഇതളുകൾ വിരിയുമ്പോൾ
ആന്റണി പി. എസ്.
സംസ്ഥാനതല ശാസ്ത്രമേളയിൽ
കുടനിർമ്മാണം എ ഗ്രേഡ്
അൽസ്വഫുവാൻ
സംസ്ഥാന സ്കൂൾ
ഷെഹ്ന എസ്.
സംസ്ഥാന സ്കൂൾ
നിർമ്മാണം എ ഗ്രേഡ്
നിഖിൽ മാത്യു
സംസ്ഥാനതല ശാസ്ത്രമേളയിൽ
ഐ.ടി. മൾട്ടിമീഡിയ
പ്രസന്റേഷൻ ബി ഗ്രേഡ്

# കനവുകൾ

മനുഷ്യർ ഒന്ന് ലോകം ഒന്ന്

ലോകത്ത് ഒരുപാട് രാജ്യങ്ങളില്ലേ?

അവിടെയെല്ലാം മനുഷ്യരുണ്ട്.

പല ഭാഷക്കാർ ,പല വേഷക്കാർ

അവരെ ഉയർന്നവരെന്നും

താഴ്ന്നവരെന്നും വേർതിരിക്കണോ?

വേണ്ട,എല്ലാ മനുഷ്യരും തുല്യരാണ്

അവരിൽ പല മതവിശ്വാസക്കാരില്ലേ?

ഉണ്ട്. എന്നാൽ, എല്ലാ മതക്കാരും തുല്യർ.

അനുപമ അനിൽ

# മഴ



മഴയെ മഴയെ നീ വരുമോ
മാനത്തൂടെ നീ വരുമോ
കളകളം പാടി നീ വരുമോ
തുള്ളിതുള്ളി നീ വരുമോ

എന്തിനെന്നാകിലും എൻ മനതാരിൽ
എന്നും വിളങ്ങുന്ന പൊൻമാരി നീ.
മഴയേ മഴയേ നീ വരുമോ
മാനത്തൂടെ നീ വരുമോ

ഷിനിമോൾ.എസ്

*9D*

## മാറാല

നോവല്ലെ സ്നേഹത്തിൻ
കുളിരാണമ്മേ നിൻ ഹൃദയം
എരിയുന്ന വിളക്കിൻ തീനാളം പോൽ
നിൻ മനമുരുകുന്നതാരും കാണാത്തതെന്തേ?
ജീവിതത്തിൻ കാണാനൊമ്പരങ്ങൾ
ചിരിയായ് മാറ്റി
മുത്തുപോൽ തിളങ്ങുന്ന
നിൻ മുഖം
അടുക്കളച്ചുവരിൽ
തറ്ക്കപ്പെട്ടു നിൻ ശരീരം
പൊള്ളുന്നു നീറുന്നു
കരിയുന്നു
ഇതാണോ നീ കണ്ട സ്വപ്നങ്ങൾ
ചിറകൊടിഞ്ഞ പക്ഷിയപ്പോൽ
നീ എന്നുമടുക്കളച്ചുവരിലെ
മാറാല മാത്രം
ഈ  മാറാലമാത്രം.

അനുപമ . അനിൽ
9B

# എന്റെ വിദ്യാലയം

അറിവിന്റെ ജാലകം എനിക്കു തുറന്നുതന്നൊരെൻ
ദേവാലയമാണ് എന്റെ വിദ്യാലയം
ഒരു പുതുലോകത്തെ കാട്ടിത്തന്നൊരെൻ
ദേവാലയമാണ് എന്റെ വിദ്യാലയം
ജ്ഞാനത്തിൻ തൂലിക ചലിപ്പിച്ച് എന്നെ
ഞാനാക്കി മാറ്റുന്നോരെൻ ദേവാലയമല്ലോ.
അറിവിന്റെ അക്ഷരമുത്തുകളെ
കോർത്തിണക്കുന്നോരെൻ
ദേവാലയമാണ് എന്റെ വിദ്യാലയം
ഒരു പുതുലോകത്തിലേക്കുള്ള നമ്മൾതൻ
ചുവടുവെയ്പ്പിൻ താളം തുടങ്ങുന്നോരെൻ
ആദ്യവിദ്യാലയത്തിൽ.

അഭിനയ

9C

# അറിവ് നമ്മെ വലിയവരാക്കും

എന്തിനാണ് വായിക്കുന്നത്?
അറിവും ആനന്ദവും നേടാൻ
കഥയും കവിതയും വായിക്കാം

കഥകളിലെ നല്ല കഥാപാത്രങ്ങൾ
നമ്മെ നല്ലവരാക്കും
വായിക്കുന്നവർ വായിക്കാത്തവരേക്കാൾ
നല്ല മനുഷ്യരാകും

നന്നായി പഠിക്കുക
വായന വളർത്തുക.

നിമിഷ

# എന്റെ മുത്തശ്ശി

ചുട്ടുപ്പൊള്ളുന്നൊരു വേനലിൽ,
കുളിരായൊരുമഴയെത്തി
കൂടെ നമ്മെ പേടിപ്പിക്കാൻ
ഇടിയുംമിന്നലുമൊപ്പമെത്തി
കൂടെ വലിയൊരുകാറ്റെത്തി
സകലതുമില്ലാതാക്കാനായ്
മുത്തശ്ശികൊളുത്തിയ സന്ധ്യാദീപം
കാറ്റിൽപെട്ടുപൊലിഞ്ഞു
എന്നാൽ മുത്തശ്ശി ചൊല്ലും സന്ധ്യാനാമം
തുടർന്നും കാതിൽ അലതല്ലി
ഈ മഴയൊരു കുളിരാണ്
കാറ്റൊരു ഹരമാണ്
ഇടിയൊരു രസമാണ്
ഇതെല്ലാമാണെൻ പ്രിയമിത്തശ്ശി.

ഷിനിമോൾ.എസ്

9D

# വായനാശീലം

അറിവിന്റെ ചക്രവാളത്തെ തേടിയുള്ള ഒന്നാമത്തെ യാത്രയാണ് പുസ്തകവായന.എങ്ങനെയാണ് നാം വായിക്കേണ്ടത്.വരികളിലൂടെ വായിക്കുക,വാക്കിനുള്ളിൽ കടന്നു വായിക്കുക.ഭാഷാപിതാവായ എഴുത്തച്ഛനും, കുഞ്ചൻ നമ്പ്യാരും അടക്കമുള്ള സാഹിത്യകാരന്മാരുടെ രചനയിലൂടെയാണ് കുട്ടികൾ പിച്ചവെയ്ക്കുന്നത്.കുട്ടികളിൽ വായനാശീലം വളർത്തുവാൻ വേണ്ടി വീടുകളിൽ പുസ്തകശാല ഉണ്ടായിരിക്കണം. ഇന്നത്തെ കുട്ടികളുടെ വായന സാങ്കേതിക വിദ്യകളിൽ എത്തിയിരിക്കുന്നു.പത്രങ്ങളും പ്രസിദ്ധീകരണങ്ങളുമായി വലിയൊരു സമൂഹം നമുക്കു മുമ്പിലുണ്ട്.അത് കുട്ടികൾ പ്രയോജന പെടുത്തണം

അക്ഷരം അഗ്നിയാണ്
അഗ്നി വെളിച്ചമാണ്
ആ വെളിച്ചമാകട്ടെ നമ്മുടെ ജീവിതവും.

**കെസിയ 9A**

# സ്നേഹക്കൂട്

തെങ്ങോലത്തുമ്പത്തു കാറ്റത്തിളകുന്ന

പുന്നാരക്കിളിക്കൂടുണ്ടേ

നാരുകൾ ചേർത്തു കൊരുത്തുമെനഞ്ഞൊരു

കുഞ്ഞാറ്റക്കിളിക്കൂടുണ്ടേ

കൂട്ടിനകത്തു ചിറകുമുളയ്ക്കാത്ത

കുഞ്ഞിക്കിളികളു നാലുണ്ടേ

വായും പിളർന്നിട്ടു കീ കീ കരയുന്ന

കുഞ്ഞിക്കിളികളു നാലുണ്ടേ

ഏറെപ്പറന്നു തളർന്നന്തിനേരത്തു

കുഞ്ഞാറ്റക്കിളിപ്പെണ്ണെത്തും

വായിൽക്കരുതിയ തീറ്റ തൻ മക്കൾക്ക്

നൽകിത്തഴുകിത്തലോടീടും

തെങ്ങോലത്തുമ്പത്തു കാറ്റത്തിളകുമീ

സ്നേഹത്തിൻ കൂടൊന്നു കണ്ടോളൂ.....

*-ഷിനി*

# എന്റെ പൂച്ചകുഞ്ഞ്

ദൈവം തന്നൊരു കുഞ്ഞ്

മേഘം പോലൊരു കുഞ്ഞ്

സ്നേഹമുള്ളൊരു കുഞ്ഞ്

ചന്തമുള്ളൊരു കുഞ്ഞ്

ദൈവം തന്നൊരു കുഞ്ഞ്

അമ്പിളിപോലുള്ള കുഞ്ഞ്

ശ്യാമിനിയുടെ കുഞ്ഞ്

വെളുത്ത പൂച്ചകുഞ്ഞ്

ആഷ്ന

9D

# കനവുകൾ









# കനവുകൾ











ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ

# കനവുകൾ



ബി എം ജി എച്ച് എസ് കുളത്തൂപ്പുഴ




# ശുഭം